"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ജീവനക്കാര്യം - കെ.എസ്.ഇ.ബി.ലിമിറ്റഡ് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കണ്ണൂർ യൂണിറ്റിലെ ശ്രീ.ടി.ഷംസുദ്ദീൻ, SCPO 5389, കെ.എസ്.ഇ.ബി.ലിമിറ്റഡ് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ആലപ്പുഴ യൂണിറ്റിലെ ശ്രീ ഹബീബ് റഹ്മാൻ, SCPO 5577 എന്നിവരുടെ അന്യത്രസേവന കാലയളവ് ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പകുപ്പ്**

G.O.(Rt)No.27/2026/POWER തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-

1. 1. സ.ഉ.(സാധാ) നം. 195/2022/Power തീയതി 14/11/2022.
2. സ.ഉ.(സാധാ)നം.15/2025/Power തീയതി 28/01/2024.
3. സ.ഉ.(സാധാ)നം.213/2024/Power തീയതി 04/11/2024.
4. സംസ്ഥാന പോലീസ് മേധാവിയുടെ 15/10/2025തീയതിയിലെ E1-244029/2024/PHQ നമ്പർ കത്ത്.
5. കെ.എസ്.ഇ.ബി.ലിമിറ്റഡ് സെക്രട്ടറിയുടെ 23/10/2025-ലെ VIG/A6/APTS/1115/2025/KSEBL/1251 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സീനിയർ സിവിൽ പോലീസ് ഓഫീസറായ ശ്രീ.ടി.ഷംസുദ്ദീൻ, SCPO 5389 (PEN 121393)-യെ പരാമർശം (1) പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കണ്ണൂർ യൂണിറ്റിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിക്കുകയും പരാമർശം (2) പ്രകാരം കാലാവധി മൂന്നാം തവണ ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. സീനിയർ സിവിൽ പോലീസ് ഓഫീസറായ ശ്രീ ഹബീബ് റഹ്മാൻ, SCPO 5577 (PEN 266866)-യെ പരാമർശം (3) പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കണ്ണൂർ യൂണിറ്റിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ചിരുന്നു. പ്രസ്തുത ഉദ്യോഗസ്ഥരുടെ നിലവിലെ അന്യത്രസേവന കാലയളവ് യഥാക്രമം 23/01/2026, 15/12/2025 എന്നീ തീയതികളിൽ അവസാനിക്കുന്ന സാഹചര്യത്തിൽ പരാമർശം (4) ലെ സംസ്ഥാന പോലീസ് മേധാവിയുടെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ അന്യത്ര സേവന കാലയളവ് ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകുവാൻ സെക്രട്ടറി , കെ.എസ്.ഇ.ബി ലിമിറ്റഡ് പരാമർശം (5) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടസ്ഥാനത്തിൽ

കെ.എസ്.ഇ.ബി. ലിമിറ്റഡ് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കണ്ണൂർ യൂണിറ്റിലെ ശ്രീ.ടി.ഷംസുദ്ദീൻ SCPO 5389 (PEN 121393), കെ.എസ്.ഇ.ബി.ലിമിറ്റഡ് ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് ആലപ്പുഴ യൂണിറ്റിലെ ശ്രീ ഹബീബ് റഹ്മാൻ, SCPO 5577 (PEN 266866) എന്നിവരുടെ അന്യത്രസേവന കാലാവധി അന്യത്രസേവനം സംബന്ധിച്ച പതിവ് നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി യഥാക്രമം 24/01/2026, 16/12/2025 എന്നീ തീയതികൾ മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ( ശ്രീ.ടി.ഷംസുദ്ദീൻ, SCPO 5389 (PEN 121393)- നാലാം തവണ, ശ്രീ ഹബീബ് റഹ്മാൻ , SCPO 5577 (PEN 266866)-രണ്ടാം തവണ) ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAHNA KUMARI S L
UNDER SECRETARY

ഉത്തരവിൻ പ്രകാരം

**Signed by Manoj S**
**Date: 04-02-2026 16:42:55**
സെക്ഷൻ ഓഫീസർ

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ചീഫ് വിജിലൻസ് ഓഫീസർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ചീഫ് വിജിലൻസ് ഓഫീസർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖാന്തിരം)
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.